| 12–08–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ – 21 ജന്മത്തേക്ക് വേണ്ടി പുണ്യത്തിന്റെ കണക്ക് ശേഖരിക്കണം, യോഗബലത്തിലൂടെ പാപത്തിന്റെ കണക്ക് ഭസ്മമാക്കണം, അതിനാൽ അന്തർമുഖിയാകൂ

**ചോദ്യം** :–ഏത് ശ്രീമത് പാലി**ക്കു**ന്നതിലൂടെ ശബ്ദത്തിനുപരി പോകുന്നതിന്റെ പുരുഷാർത്ഥം സഹജമാകും ?
**ഉത്തരം** :–ശ്രീമത് പറയുന്നു–കുട്ടികളേ, അന്തർമുഖിയാകൂ,പുറമെ ഒന്നും സംസാരിക്കേണ്ടതില്ല. ഈ ശ്രീമത് പാലിക്കുന്നതിലൂടെ സഹജമായി ശബ്ദത്തിനുപരി പോകാം.എത്ര ഓർമ്മിക്കുന്നോ, സ്വദർശനചക്രം കറക്കുന്നോ, അത്രയും സമ്പാദ്യം ശേഖരിക്കപ്പെടും. ഓർമ്മിക്കുന്നതിന് അമൃതവേളയുടെ സമയം വളരെ നല്ലതാണ്. ആ സമയം എഴുന്നേററ് അന്തർമുഖിയായി ആത്മ സ്വരൂപത്തിന്റെ സ്ഥിതിയിലിരിക്കു.

**ഗീതം** :– നീ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി .....................

**ഓംശാന്തി.** അന്തർമുഖിയാകൂ, പുറമേ ഒന്നും സംസാരിക്കേണ്ടതില്ല, തന്റെ ആത്മ സ്വരൂപത്തിന്റെ സ്ഥിതിയിലിരിക്കൂ, ഇത് ആരാണ് മനസ്സിലാക്കിതരുന്നത്? ബാബ കുട്ടികളോട് പറയുന്നു മുഖത്തിലൂടെ ഒന്നും പറയേണ്ടതില്ല. രാമ രാമ തുടങ്ങിയവ വളരെ ജപിച്ചു വന്നു, പക്ഷേ ആ വിളികളിലൂടെയൊന്നും മനുഷ്യൻ പാവനമാകുന്നതേയില്ല. എപ്പോൾ പതീത– പാവനൻ ബാബയുടെ ശ്രീമത് അനുസരിച്ച് നടക്കുന്നുവോ അപ്പോൾ മനുഷ്യൻ പതീതത്തിൽ നിന്നും പാവനമാകും.പതീത–പാവനൻ എന്നു പറയുന്നതിലൂടെ ബാബയെ ഓർമ്മ വരുന്നു. ബാബ പറയുന്നു, ശരിക്കും നിങ്ങൾ പതീതമായിരുന്നല്ലോ.ഇപ്പോൾ നിങ്ങൾ പാവനമായികൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ പതീതരാരും ഇല്ല. 5000– വർഷം മുൻപ് ഭാരതം പാവനമായിരുന്നു. അപ്പോൾ ഒരു ധർമ്മമായിരുന്നു. ബാബ സുഖത്തിന്റെ സൃഷ്ടിയല്ലേ രചിക്കുകയുള്ളൂ. ഭാരതം സുഖധാമം ആയിരുന്നു. ലക്ഷ്മി–നാരായണൻ, രാമൻ–സീത ഇവരുടെ ക്ഷേത്രം സത്യ–ത്രേതാ യുഗത്തിന്റെ അടയാളമാണ്. സത്യയുഗത്തിൽ തീർച്ചയായും ലക്ഷ്മി–നാരായണന്റെ രാജധാനി ആയിരുന്നു. ഇതേ ഭാരതത്തിലാണ് സൂര്യവംശി, ചന്ദ്രവംശി രാജ്യം ഭരിച്ചിരുന്നത്. അത് ഇപ്പോൾ വീണ്ടും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.ഇതിനെയാണ് പറയുന്നത് ലോകത്തിന്റെ ഹിസ്റ്ററിയും ജ്യോഗ്രഫിയും.ഇത് മനുഷ്യനാണ് അറിയുന്നത്. മനുഷ്യൻ ഇത് അറിയുന്നില്ലായെങ്കിൽ മൃഗത്തിനേക്കാളും മോശമെന്ന് പറയുന്നു. ബാബയെ അറിയുന്നതിന് എത്രമാത്രം അലയുന്നു, പക്ഷേ അറിയുവാനേ കഴിയുന്നില്ല. നിങ്ങൾ ബാബയുടെ കുട്ടികളായി അതിനാൽ ബാബ തന്റെ പരിചയം നൽകുന്നു. ആദ്യം പരിചയം ഇല്ലായിരുന്നു, അപ്പോൾ ഇതിന്റെ പരിണാമം എന്തായി? അനാഥരും നാസ്തികരും നിർദ്ധനരുമായി മാറുന്നു. ഇപ്പോൾ നിങ്ങൾ ബാബയുടേതായി ബാബയിൽ നിന്നും സമ്പത്ത് എടുത്തുകൊണ്ടിരിക്കുന്നു. വളരെ ഉയർന്ന സമ്പത്ത്, 21–ജന്മം സ്വർഗ്ഗത്തിന്റെ രാജധാനി ലഭിക്കുന്നു. എന്താ നിസ്സാരകാര്യമാണോ? ലക്ഷ്മി–നാരായണൻ രാജ്യം ഭരിച്ചിട്ട് 5000–വർഷമായി. വീണ്ടും ചരിത്രം ആവർത്തിക്കുന്നു.

ബാബ മനസ്സിലാക്കി തരുന്നു–ബാബയുടെ ശ്രീമത് അനുസരിച്ച് നടക്കൂ, അന്തർമുഖിയാകൂ, ബാഹർമുഖിയാകരുത്. ഈ സമയം ഘോര അന്ധകാരമാണ്. ഇതിനെ രാത്രിയെന്നു പറയുന്നു. ഇപ്പോൾ പ്രഭാതം അടുത്തുകൊണ്ടിരിക്കുന്നു. കലിയുഗാന്ത്യത്തെ ഘോര അന്ധകാരം, സത്യയുഗാരംഭത്തെ പ്രകാശമെന്നും പറയുന്നു. ബാബ പറയുന്നു–എപ്പോൾ എല്ലാ മനുഷ്യരും പതീതമാകുന്നു, അപ്പോൾ സംഗമത്തി ബാബ വരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സദാ സുഖത്തിന്റെ സമ്പത്ത് നൽകുവാൻ വന്നിരിക്കുന്നു. വിനാശം മുന്നിൽ നിൽക്കുകയാണ്. വളരെ കഴിഞ്ഞുപോയി, കുറച്ച് അവശേഷിക്കുന്നു ......അതിനാൽ എല്ലാവരും സമ്പത്ത് എടുത്തുകൊണ്ടിരിക്കുന്നതു പോലെ ഇപ്പോൾ നിങ്ങളും വേഗം വേഗം പുരുഷാർത്ഥം ചെയ്ത് പരിധിയില്ലാത്ത ബാബയിൽ നിന്നും സമ്പത്ത് എടുക്കൂ. എല്ലാവരും പുരുഷാർത്ഥികളാണ്. ഇപ്പോൾ എല്ലാവർക്കും മധുരമായ വീട്, ശബ്ദത്തിനുപരി പോകണം. അത് നമ്മൾ ആത്മാക്കളുടെ വീട്, നിർവ്വാണ ധാം. വീട്ടിൽ കേവലം ഒരാൾ മാത്രമല്ല വസിക്കുന്നത്, എത്ര തന്നെ ജീവാത്മാക്കൾ ഉണ്ടോ, അവരെല്ലാം തന്നെ തന്റെ വീട്, ബാബയുടെ അടുത്ത് പോകും. അത് നിരാകാരി വൃക്ഷമാണ്, ചിത്രത്തിലും വൃക്ഷം കാണിച്ചിട്ടുള്ളതുപോലെ. അത് നമ്മൾ ആത്മാക്കളുടെ വീട്–ശാന്തിധാം. പിന്നീട് നമ്മൾ സുഖധാമിൽ വരും. ഇപ്പോൾ 84–ജന്മങ്ങളുടെ ചക്രം പൂർത്തിയാക്കി, കലിയുഗത്തിനു ശേഷം തീർച്ചയായും സത്യയുഗം വരുമല്ലോ. ദ്വാപരത്തിനു ശേഷം തീർച്ചയായും കലിയുഗം വരും. ബാബ പറയുന്നു–ബാബ കല്പ–കല്പം, കല്പത്തിന്റെ സംഗമയുഗത്തിൽ വരുന്നു, പഴയ ലോകത്തിന്റെ വിനാശം ചെയ്യിക്കുന്നു. എപ്പോൾ പുതിയ

ലോകം സ്ഥാപിക്കുന്നുവോ, അപ്പോൾ വരെ ഈ പഴയ ലോകത്തിൽ ഇരിക്കണം. എപ്പോഴാണോ പുതിയ കെട്ടിടം പൂർത്തിയാകുന്നത് അപ്പോൾ വരെ പഴയ കെട്ടിടത്തിൽ ഇരിയ്ക്കുക തന്നെ വേണമല്ലോ. പിന്നീട് പുതിയത് പൂർത്തിയാകുമ്പോൾ പഴയത് ഉപേക്ഷിക്കുന്നു. ഇതും പഴയ വസ്തുവാണല്ലോ. ഇതിന്റെ വിനാശത്തിനുവേണ്ടിയാണ് ഈ മഹാഭാരതയുദ്ധം. ബാബ കുട്ടികൾക്ക് മനസ്സിലാക്കിതരുന്നു. ആത്മാവ് മനസ്സിലാക്കുന്നു- ഭൗതിക അറിവും ആത്മാവാണല്ലോ പഠിയ്ക്കുന്നത്. ആത്മാവ് പറയുന്നു-ഞാൻ പ്രിൻസിപ്പാൾ ആണ്,സർജനാണ് .ആത്മാവിന്റെ അറിവില്ലാത്തതു കാരണം ദേഹ-അഭിമാനിയാകുന്നു. ആത്മാവിലാണ് സംസ്കാരം ഉള്ളത്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ശിവബാബ നമ്മൾ ആത്മാക്കൾക്ക് മനസ്സിലാക്കിത്തരുന്നു. നമ്മൾ ആത്മാക്കൾ ഈ പഴയ ശരീരം ഉപേക്ഷിച്ച് പുതിയത് എടുക്കും. ഇപ്പോൾ നമ്മൾ കറുത്തവരാണ്, പിന്നീട് സുന്ദരൻമാരാകും. സുന്ദരനിൽ നിന്നും കറുപ്പാകുന്നു. ഇതിന് 84-ജന്മം എടുക്കുന്നു. പിന്നീട് ബാബ കാമ ചിതയിൽ നിന്നും ഉയർത്തി ജ്ഞാന ചിതയിൽ ഇരുത്തി ഗോൾഡൻ ഏജിന്റെ അധികാരിയാക്കുന്നു. പരിധിയില്ലാത്ത അച്ഛൻ തീർച്ചയായും പരിധിയില്ലാത്ത സമ്പത്ത് നൽകു മല്ലോ. ബാബ ഉയർന്നതിലും ഉയർന്നതാണ്. പറയുന്നു കുട്ടികൾക്ക് വേണ്ടി വൈകുണ്ഠത്തിന്റെ സമ്മാനം കൊണ്ടുവന്നിരിക്കുന്നു. ഉള്ളം കൈയിൽ സ്വർഗ്ഗം കൊണ്ടുവന്നിരിക്കുന്നു. സെക്കന്റിൽ നിങ്ങൾക്ക് സാക്ഷാ ക്കാരം ലഭിക്കുന്നു. എത്ര ബ്രഹ്മാകുമാർ-ബ്രഹ്മാകുമാരിമാരാണ്. തീർച്ചയായും ബ്രഹ്മാവിന്റെ കുട്ടികൾ ശിവബാബയുടെ പേരകുട്ടികൾ. നിങ്ങൾ പറയും നമ്മൾ ശിവബാബയിൽ നിന്നും സമ്പത്ത് എടുക്കുന്നു. ബാബ സർവരുടേയും സദ്ഗതി ദാതാവാണ്. രാജയോഗം പഠിപ്പിയ്ക്കുന്നു. നിരാകാരൻ എങ്ങനെ പ ഠിപ്പിയ്ക്കും?, അതിനാൽ ഇന്ദ്രിയങ്ങളിലൂടെ പഠിപ്പിയ്ക്കുന്നു. സൃഷ്ടിചക്രത്തിന്റെ ജ്ഞാനം നൽകുന്നു. ഏതൊന്നിനെയാണ് പരംആത്മാ, സുപ്രീം സോൾ എന്നു പറയുന്നത്, അതിനാണ് മുഴുവൻ മഹിമയും. ജ്ഞാനസാഗരൻ, പതീത-പാവനൻ അതാണ് , അതിനാൽ തീർച്ചയായും വരുകതന്നെ വേണം. നിങ്ങളേയും മാസ്റ്റർ സുപ്രീം അഥവാ പാവനമാക്കുന്നു. ആരെയാണോ എല്ലാ ഭക്തരും വിളിക്കുന്നത് അത് പരിധിയില്ലാത്ത അച്ഛനാണ്. എല്ലാ ഭക്തരുടേയും അച്ഛൻ ആ ഭഗവാൻ ആണ്-പരംപിതാ പരമാത്മാവ്. അഥവാ ബാബയെ സർവ്വവ്യാപി എന്നു പറയുന്നു എങ്കിൽ പിന്നീട് സമ്പത്ത് എങ്ങനെ ലഭിക്കും? മനുഷ്യനെ ഭഗവാൻ എന്നു പറയില്ല. കൃഷ്ണൻ പോലും ദേവീകഗുണധാരി മനുഷ്യനാണ്, കൃഷ്ണനാണ് ഫസ്റ്റ് പ്രിൻസ്. എല്ലാവരും കൃഷ്ണനെ തൊട്ടിലിൽആട്ടുന്നു.ശിവബാബയെ ഒരിക്കലും ഊഞ്ഞാലിൽ ആട്ടുന്നതേയില്ല, എന്തുകൊണ്ടെന്നാൽ ശിവബാബ ഒരിക്കലും കുട്ടിയാകുന്നില്ല. മനസ്സിലാക്കി തരുന്നതിനുവേണ്ടി ഈ സാക്ഷാൽക്കാരം ചെയ്യിക്കുന്നു-അതായത് ബാബ നിങ്ങളുടെ കുട്ടിയാണ്, നിങ്ങൾ ബാബയെ തന്റെ അവകാശിയാക്കും, ബലിഹാരിയാകും എങ്കിൽ ബാബയും ബലിയർപ്പിതമാകും. ബലിഹാരിയാകുന്നെങ്കിൽ ബാബ നിങ്ങളുടെ കുട്ടിയായി.

മനുഷ്യരിൽ എത്ര അന്ധവിശ്വാസമാണ്. അവിടേയും ഇവിടേയും തല കുമ്പിട്ടു കൊണ്ടിരിക്കുന്നു, ഇതിനെയാണ് പറയുന്നത് പാവ പൂജ. നവരാത്രിയ്ക്ക് വളരെയധികം മൂർത്തികളെ ഉണ്ടാക്കും, പക്ഷേ അതിന്റെ കർത്തവ്യം ആർക്കും അറിയില്ല. 4-6 കൈയുള്ള ദേവിമാർ ആരും തന്നെ ഇല്ല, പിന്നീട് വാളും, മറ്റും കാണിക്കുന്നു. ദേവതമാർ ആരും തന്നെ അല്പം പോലും ഹിംസകരല്ല. ശാസ്ത്രവാദികൾ അവരേയും ഹിംസകരാക്കി. നേപ്പാളിലും കാളിയെ പൂജിക്കുന്നു, പക്ഷേ അങ്ങനെ ഒന്നില്ല. മമ്മ ഇങ്ങനെ നാക്കുള്ള കാളിയൊന്നുതന്നെയല്ല. മനുഷ്യൻ മനുഷ്യൻ തന്നെയാണ്. ബ്രഹ്മാ, വിഷ്ണു,ശങ്കർ സൂക്ഷ്മവതനവാസി യാണ്. വേറെ യാതൊരു വസ്തുവും ഇല്ല. പിന്നീട് ഈ 8-10 കൈ ഉള്ളവർ എവിടുന്നു വന്നു. ഇതെല്ലാം ഭക്തി മാർഗ്ഗത്തിന്റെ അലങ്കാരമാണ്. പൈസ സമ്പാദിക്കുന്നതിന് എന്തെങ്കിലും വേണമല്ലോ. പിന്നീട് വിവിധ ചിത്രങ്ങൾ ഉണ്ടാക്കുന്നു. അവിടെതന്നെ നോക്കൂ സുന്ദരകൃഷ്ണന്റെ ക്ഷേത്രവും ഉണ്ട്, അവിടെതന്നെ കറുത്ത കൃഷ്ണന്റെ ക്ഷേത്രവും ഉണ്ട്. കാരണം എന്തെങ്കിലും വേണമല്ലോ? നോക്കൂ എത്ര അന്ധവിശ്വാസമാണ്. ഇപ്പോൾ ഭക്തി മാർഗ്ഗം അവസാനിച്ച് ജ്ഞാനമാർഗ്ഗം ആരംഭിച്ചിരിക്കുന്നു. ബാക്കി സമയവും കുറച്ചേ ഉള്ളൂ. എല്ലാവർക്കും തീർച്ചയായും മരിക്കേണ്ടി വരും. കുട്ടികൾ-പേരകുട്ടികൾ ആരുംതന്നെ അവകാശിയാകില്ല. സത്യയുഗത്തിൽ നിങ്ങൾക്ക് ഈ ജ്ഞാനം ഉണ്ടായിരിക്കില്ല, അതായത് സംഗമത്തിൽ നമ്മൾ രാജപദവിയ്ക്ക് വേണ്ടി പുരുഷാർത്ഥം ചെയ്തു. അവിടെ പവിത്ര സൃഷ്ടിയാണ്. ഇവിടെ നിങ്ങൾ അറിയുന്നു തീർച്ചയായും നമ്മൾ ബാബയുടെ രജധാനിയുടെ അവകാശിയാണ്. അവിടെ ഇത് ഒരിക്കലും അറിയുവാനേ കഴിയില്ല ഏതു കർമ്മം ചെയ്തു, എങ്ങനെയായി-ഇതെല്ലാം മറന്നുപോകുന്നു. അവിടെ പതീതർ ഇല്ല, അതിനാൽ പാവനമാകുന്നതിനുവേണ്ടി ഗുരുവിന്റെ ആവശ്യവും ഇല്ല. ബാബ കാലുകഴുകി കുട്ടികളെ സിംഹാസനത്തിൽ ഇരുത്തുന്നു. സത്ഗതിയ്ക്കു വേണ്ടിയാണ് ഗുരുവിന്റെ ആവശ്യം. അവിടെ സത്ഗതിയാണ്, അതിനാൽ ഗുരുവിന്റെ ആവശ്യവും ഇല്ല. ബാബ പറയുന്നു-സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ, ദേഹ-അഭിമാനത്തിലിരിക്കരുത്. ഞാൻ ആത്മാവ് ഇപ്പോൾ ഡോക്ടറാണ്, ഞാൻ ആത്മാവ് മജിസ്ട്രേററാണ്, പക്ഷേ അറിയില്ല ഈ ശരീരം ഉപേക്ഷിച്ചതിനു ശേഷം എന്താകും? നമ്മൾ ഈ ശരീരത്തിലൂടെ പഠിക്കുന്നു. ആത്മാവ് ഈ ഇന്ദ്രിയങ്ങളിലൂടെ പഠിക്കുന്നു, ആത്മാവ് കേൾക്കുന്നു-ഇത്

മനസ്സിലാക്കേണ്ട കാര്യമാണ്, അല്ലാതെ ഇത് കെട്ടുകഥയല്ല.

ബാബ പറയുന്ന ഈ മുഴുവൻ ലോകവും ശവപറമ്പാകും. ഇപ്പോൾ ഉണരൂ, ഇല്ലായെങ്കിൽ ഈ മുളങ്കാടിന് തീ പിടിക്കുന്ന സമയത്ത് നിലവിളക്കേണ്ടി വരും. പക്ഷേ ആ സമയത്ത് ഒന്നും ചെയ്യുവാൻ കഴിയില്ല, കാലൻ വിഴുങ്ങും, നിലവിളിച്ചുകൊണ്ടിരിക്കും.ശിക്ഷയും വളരെ അനുഭവിക്കേണ്ടി വരും. ഇപ്പോൾ നമ്മൾക്ക് പാപത്തിന്റെ കണക്ക് അവസാനിപ്പിച്ച് പുണ്യത്തിന്റെ കണക്ക് ശേഖരിക്കണം. പുതിയതായി 21-ജന്മത്തേയ്ക്ക് ശേഖരിക്കണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ ശേഖരണം ഉണ്ടാകും. പഴയ കണക്കുകൾ അവസാനിപ്പിക്കുകതന്നെ വേണം. ജ്ഞാനം എത്ര സഹജമാണ്. നിങ്ങൾക്ക് ദിവസവും എത്ര സമ്പാദ്യം ഉണ്ടാകുന്നു. ആര് എത്ര ഓർമ്മിക്കുന്നു, സ്വദർശനചക്രം കറക്കുന്നു അത്രയും എണ്ണിയാൽ ഒടുങ്ങാത്ത അളവറ്റ സമ്പാദ്യം ഉണ്ടാകുന്നു. അവിടെ ഒരിക്കലും എണ്ണാറില്ല. ഇപ്പോൾ കുടിലിൽ ഇരിക്കുന്നു, പിന്നീട് കൊട്ടാരത്തിൽ ഇരിക്കും. കുടിലും, കൊട്ടാരവും-തീർച്ചയായും വ്യത്യാസം ഉണ്ടല്ലോ. ബ്രഹ്മാവിലൂടെ പുതിയ ലോകത്തിന്റെ സ്ഥാപന നടക്കുമ്പോൾ പഴയ ലോകത്തിന്റെ വിനാശവും ഉണ്ടാകും. ഇപ്പോഴത്തെ കാര്യമാണല്ലോ. രാജധാനിയുടെ സ്ഥാപന നടക്കും, പിന്നീട് ആര് എത്ര പുരുഷാർത്ഥം ചെയ്തു അത്ര തന്നെ, പിന്നീട് വിനാശം ഉണ്ടാകും, അതിനാൽ ഇപ്പോൾ തെറ്റ് ചെയ്യാൻ പാടില്ല. രാവിലെ എഴുന്നേറ്റ് ഓർമ്മയിൽ ഇരിക്കണം. എത്ര ഓർമ്മയുടെ ചാർട്ട് വയ്ക്കുന്നുവോ അത്രയും നല്ലതുമാണ്, ഉയർന്ന പദവിയും ലഭിക്കും. ശിവബാബയുടെ കഴുത്തിലെ മാലയാകും. ഹൃദയ ദർപ്പണത്തിൽ നോക്കണം അതായത് -ലക്ഷ്മി-നാരയണനെ വരിക്കുവാൻ ഞാൻ യോഗ്യനാണോ? നമ്മൾ ബാബ, മമ്മയെ പോലെ സേവനം ചെയ്യുന്നുവോ? ഏതെല്ലാം വിധത്തിലുള്ള പുഷ്പങ്ങളാണ്. ഇത് തോട്ടക്കാരനായ ബാബയുടെ മനുഷ്യ പൂന്തോട്ടമാണ്.പറയുന്നു -നോക്കൂ,കുമാരക,മനോഹർ എത്ര നല്ല നല്ല പുഷ്പങ്ങളാണ്. ഇത് രത്നജ്യോതിയാണ്. ബാബ ഈ പൂന്തോട്ടത്തേയും നോക്കുന്നു, പിന്നീട് ആ പൂന്തോട്ടത്തിൽ പോയി പൂക്കളേയും നോക്കുന്നു. പൂന്തോട്ട ക്കാരൻ ഈ പൂക്കളെ പരിശോധിയ്ക്കുന്നു, അപ്പോൾ കുട്ടികൾക്ക് ഫോളോ ചെയ്യുകതന്നെ വേണം-ആരാരാണ് നമ്പർ വൺ ,നമ്പർ ടു പുഷ്പങ്ങൾ? അങ്ങനെ ആകുകതന്നെ വേണം. 21-ജന്മത്തേയ്ക്ക് രാജപദവി നേടുക നിസ്സാരകാര്യമല്ല. അളവറ്റ സുഖം ആണ്. വിശ്വത്തിന്റെ അധികാരിയാകണം. ഇത് സ്കൂളാണ്. ആ ഭൗതിക പഠിത്തത്തിനോടൊപ്പം ഈ ആത്മീയ പഠിത്തവും പഠിക്കൂ. എപ്പോഴും അധ്യാപകർക്ക് നല്ല ഗുണം ഉണ്ടായിരിക്കും. സത്യസന്ധരായിരിക്കും. സ്കൂളിൽ അന്ധവിശ്വാസത്തിന്റെ കാര്യമില്ല. ഈ ലോകത്ത് വക്കീലിനും എൻജിനീയറിംഗിനും പഠിക്കുന്നു. പക്ഷേ ഇവിടെ നിങ്ങൾ രാജാക്കന്മാരുടേയും രാജാവാകുവാൻ പഠിക്കുന്നു. സന്യാസി പറയുന്നു ഈശ്വരൻ സർവ്വവ്യാപിയാണ്, ഇതിലൂടെ നാടകം തന്നെ ഇല്ലതായി. പരിധിയില്ലാത്ത അച്ഛൻ കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ്-കുട്ടികളേ, ഈ അന്തിമ ജന്മം പവിത്രമാകൂ. നിങ്ങൾക്ക് വളരെ സേവനം ചെയ്യുവാൻ കഴിയും. അവിടേയും എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഉണ്ട്. ഇതും ഗോഡ്ലി എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റാണ്. നിങ്ങൾ കുട്ടികൾ രാജർഷിയാണ്. അവർ വീട് ഉപേക്ഷിച്ചുപോകുന്നു. നിങ്ങൾ വീട്ടിൽ ഇരുന്നുകൊണ്ടും മുഴുവൻ ലോകത്തേയും ത്യാഗം ചെയ്യുന്നു. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ പുതിയ ലോകമാണ്, അത് ഇപ്പോൾ ബാബ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു, അതിനാൽ ബാബ പറയുന്നു കുട്ടികളേ, നിങ്ങൾ ബാബയെ ഓർമ്മിക്കൂ, ഈ പഴയ ലോകം അവസാനിക്കുവാൻ പോകുന്നു. ഈ ആത്മീയ കോളേജ് അഥവാ ഹോസ്പിറ്റലും വളരെ ഉയർന്നതാണ്, ഇതിലൂടെ നിങ്ങൾ എവർ ഹെൽത്തി, എവർ വെൽത്തി ആകുന്നു. വീട്ടിലും നിങ്ങൾക്ക് ഈ ഹോസ്പിറ്റൽ അഥവാ കോളേജ് തുറക്കുവാൻ കഴിയും, ഇതിൽ യാതൊരു ചെലവുമില്ല. കേവലം മൂന്ന് അടി മണ്ണ് മതി. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും.ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കായുള്ള മുഖ്യ സാരം :-

1. അതിരാവിലെ എഴുന്നേറ്റ് തീർച്ചയായും ഓർമ്മയിൽ ഇരിക്കണം, ഇതിൽ ഉപേക്ഷ കാണിക്കരുത്. പുണ്യത്തിന്റെ കണക്ക് ശേഖരിക്കണം.

2. ലക്ഷ്യം ബുദ്ധിയിൽ വച്ച് നല്ല ഗുണങ്ങൾ ധാരണ ചെയ്യണം. ആത്മീയ പഠിത്തം പഠിക്കണം. അന്തർമുഖിയായി ഇരിക്കണം.

**വരദാനം – ബ്രാഹ്മണ ജീവിതത്തിലെ വിശേഷതകൾ മനസിലാക്കി അവയെ കാര്യങ്ങളിൽ കൊണ്ടുവരുന്ന സർവവിശേഷ സമ്പന്നരായി ഭവിക്കട്ടെ.**

ഡ്രാമയുടെ നിയമമനുസരിച്ച് സംഗമയുഗത്തിൽ ഓരോ ബ്രാഹ്മണ ആത്മാവിനും ഏതെങ്കിലും ഒരു വിശേഷത ലഭിച്ചിട്ടുണ്ട്. മാലയിലെ അവസാന മുത്തായാലും അവരിലും ഏതെങ്കിലും ഒരു വിശേഷത ഉണ്ടായിരിക്കും, അതിനാൽ ബ്രാഹ്മണ ജന്മത്തിലെ ഭാഗ്യത്തിന്റെ വിശേഷത തിരിച്ചറിഞ്ഞ് അവയെ കാര്യങ്ങളിൽ കൊണ്ട് വരൂ. ഏതെങ്കിലും ഒരു വിശേഷത കാര്യത്തിൽ കൊണ്ട് വരുമ്പോൾ മറ്റ് വിശേഷതകൾ സ്വതവേ വന്ന് ചേരും, ഒന്നിന്റെ മുന്നിൽ ബിന്ദുവിട്ടാൽ സർവവിഷേതകളാലും സമ്പന്നരായി തീരും.

**സ്ലോഗൻ – മന്മനാ മന്ത്രം സദാ ഓർമ്മിക്കുകയാണെങ്കിൽ മനസിന്റെ അലച്ചിൽ സമാപ്തമാകും.**